"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - LID&EW - ജീവനക്കാര്യം - ശ്രീമതി. സിൻസി മാത്യു ,അസിസ്റ്റന്റ് എഞ്ചിനീയർ ,ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1282/2023 മേലുള്ള വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്**

സ.ഉ.(സാധാ) നം.1585/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

---

പരാമർശം:- 1. ശ്രീമതി. സിൻസി മാത്യു ,അസിസ്റ്റന്റ് എഞ്ചിനീയർ 10.07.2023 ൽ തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി മുമ്പാകെ സമർ പ്പിച്ച അപ്പീൽ അപേക്ഷ .

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1282/2023 മേലുള്ള 11.07.2023 -ലെ വിധിന്യായം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. സിൻസി മാത്യു പ്രിൻസിപ്പൽ ഡയറക്ടറുടെ 3/7/2023 ലെ LSGD/PD/1224/2023 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.1282/2023 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A10 അപ്പീൽ പരിഗണിച്ച് കൊണ്ട് വിധിന്യായം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാനും, അതുവരെ അപേക്ഷകയെ പ്രസ്തുത സ്ഥലത്ത് തന്നെ തുടരാൻ അനുവദിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. സിൻസി മാത്യു സമർപ്പിച്ച പരാമർശം (1) ലെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ നിന്നും ടിയാരി 06.07.2020 മുതൽ ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തു വരികയാണ്. നിലവിൽ പെറ്റിഷണറെ ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമപഞ്ചായത്തിലേയ്ക്കാണ് സ്ഥലം മാറ്റിയിരിക്കുന്നത്. എന്നിരുന്നാലും വാഴത്തോപ്പ് പഞ്ചായത്തും കൊക്കയാറും തമ്മിൽ 80 കിലോമീറ്ററിലധികം ദൂരമുള്ളത്

പരിഗണിച്ചും 87 വയസ്സ് പ്രായമുള്ള അസുഖക്കാരനായ അച്ഛനെ പരിചരിക്കുന്നതിനായി നിലവിലുള്ള സ്ഥലത്തു തന്നെ തുടരാൻ അനുവദിക്കണമെന്ന അപേക്ഷകയുടെ ആവശ്യം കണക്കിലെടുത്തും ശ്രീമതി. സിൻസി മാത്യുവിനെ താമസസ്ഥലത്ത് നിന്ന് അധികദൂരമില്ലാത്ത മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒഴിവുള്ള പക്ഷം പ്രസ്തുത സ്ഥലത്തേയ്ക്ക് പരാതിക്കാരിക്ക് അടിയന്തരമായി സ്ഥലംമാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാതിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Annexure A10 അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

3.ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1282/2023 നമ്പർ കേസിലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, ,തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം
3. ശ്രീമതി. സിൻസി മാത്യു , AE (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. അഡ്വക്കേറ്റജനറൽ, കേരളം,തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ),തൃശ്ശൂർ
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസിൽ കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Keerthi I.p
Date: 04-08-2023 15:38:35